# സ്ഥിരം അദാലത് സമിതി – ഉപജില്ലാ സമിതി 4

നവകേരള സദസ്സ് അദാലത്

അദാലത് സംഘടിപ്പിച്ച സ്ഥലവും തീയതിയും : ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

തസ്വഭവ കോട്ടയം

29..01.2024 10.30 AM

**അദാലത്തിൽ പങ്കെടുത്ത സമിതി അംഗങ്ങൾ**

1. Dr. Chithra P Arunima KAS Internal Vigilance Officer
2. Sanish S Asst. Town Planner LSGD Kottayam
3. Sabitha S Valungal Asst. Exe.Engineer Kanjirappally
4. Manu Mohan Asst. Exe. Engineer Vazhoor
5. Haseena Asst. Exe. Engineer Lalam

<u>അദാലത്തിൽ തീർപ്പാക്കിയ പരാതികൾ</u>

ഭരണങ്ങാനം പഞ്ചായത്തിൽ ഒരു പരാതിയാണ് അദാലത്തിൽ പരിഗണിച്ചത്

**1.**ശ്രീമതി ജയമണി ഗോപാലകൃഷ്ണന് **2007-2008** വരെ കട നടത്തുന്നതിന് നൽകിയിരുന്ന ലൈസൻസ് പുതുക്കി നൽകുന്നില്ല എന്ന പരാതി അദാലത്തിൽ പരിഗണിച്ചു. എന്നാൽ പഞ്ചായത്തിന്റെ അസ്സെസ്സ്മെന്റ് രജിസ്റ്റർ പ്രകാരം പരാതിക്കാരിയുടെ പിതാവിൻറെ പേരിൽ പാർപ്പിടാവശ്യത്തിനുള്ള ഒരു കെട്ടിടമാണുള്ളത്. എന്നാൽ സെക്രട്ടറി നടത്തിയ സ്ഥല പരിശോധനയിൽ ടി കെട്ടിടത്തിന് അടുത്തായി രണ്ടു മുറികളുള്ള പലചരക്കു നടത്തുന്ന ഒരു കെട്ടിടം കാണാൻ കഴിഞ്ഞു എന്നും, എന്നാൽ ടി കെട്ടിടത്തിന് നമ്പർ ഇല്ല എന്നും സെക്രട്ടറി ബോധിപ്പിച്ചു. ആയതിനാൽ പരാതിക്കാരന്റെ അപേക്ഷ പരിഗണിച്ചു പഞ്ചായത്തു സെക്രട്ടറി ഒന്ന് കൂടി സ്ഥല പരിശോധന നടത്തുന്നതിനും തുടർ നടപടി സ്വീകരിക്കുവാനും നിർദ്ദേശിച്ചു തീരുമാനിച്ചു.

കങ്ങഴ പഞ്ചായത്ത് ഒരു പരാതിയാണ് അദാലത്തിൽ പരിഗണിച്ചത്

2.കങ്ങഴ സഫീന അബ്ദുൽ കരീം സമർപ്പിച്ച അപേക്ഷ അദാലത്തിൽ പരിഗണിച്ചു ക്രമവൽക്കരണത്തിനായി സമർപ്പിച്ച പ്ലാൻ പരിശോധിച്ചതിൽ ആവശ്യമായ സെറ്റ് ബാക്കുകൾ കൃത്യമല്ലായെന്നു കണ്ടെത്തി. ആയതു കൃത്യമാക്കി ന്യൂനതകൾ പരിഹരിച്ച റിവൈസ്ഡ് പ്ലാൻ നാളിതുവരെ സമർപ്പിച്ചിട്ടില്ല എന്ന് സെക്രട്ടറി അറിയിച്ചു .കൂടാതെ ടി പ്ലോട്ടിന്റെ അളവിൽ കൃത്യത വരുത്തുന്നതിന് താലൂക് സർവെയറുടെ സ്കെച്ച് ഹാജരാക്കുന്നതിനും അപേക്ഷകനോട് നിർദേശിച്ചിട്ടുള്ളതാണെങ്കിലും സ്കെച്ച് ഹാജരാക്കിയിട്ടില്ല എന്നും സെക്രട്ടറി അറിയിച്ചു . താലൂക് സർവെയർക്കു സ്ഥലത്തിന്റെ അതിർത്തി നിർണയിച്ചു നൽകുന്നതിന് കത്ത് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു

3.കറുകച്ചാൽ പഞ്ചായത്ത്- എൻ.പി.ഈശ്വരിയുടെ പരാതി അദാലത്തിൽ പരിഗണിച്ചു.കടമുറിയുടെ വിസ്തീർണം തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതായും കടമുറിയുടെയും വീടിന്റെയും കരം പരസ്പരം മാറിപ്പോയതായും കാണിച്ചു സമർപ്പിച്ച പരാതി അദാലത്തിൽ പരിഗണിക്കുകയും പഞ്ചായത്തിലെ സഞ്ചയ അസ്സസ്മെൻറ്

രജിസ്റ്റർ പരിശോധിച്ചതിൽ ഈശ്വരി എൻ പി എന്നയാളുടെ ഉടമസ്ഥതയിൽ 5/85 വാണിജ്യാവശ്യത്തിനുള്ള 7 ചതുരശ്ര മീറ്റർ ഉള്ള കടയും 5/886 പാർപ്പിടാവശ്യത്തിനുള്ള 108 ചതുരശ്ര മീറ്റർ വീടുകൾ എന്നും രേഖപ്പെടുത്തിയിട്ടുള്ളതായി സെക്രട്ടറി അറിയിച്ചു .കൂടാതെ പഞ്ചായത്തിൽ നിന്നും നടത്തിയ സ്ഥലപരിശോധനയിൽ കടമുറി 18 ചതുരശ്രമീറ്റർ വീതമുള്ള രണ്ടു നിലകളായും (36 ചതുരശ്രമീറ്റർ).വീട് താഴത്തെ നില 103 ചതുരശ്രമീറ്റർ ഒന്നാം നില 17.45 ചതുരശ്രമീറ്റർ അങ്ങനെ 120 .45 ചതുരശ്രമീറ്റർ ആകെ ഉള്ളതാണെന്ന് സെക്രട്ടറി അറിയിച്ചു .അദാലത്തിൽ വീടിന്റെ മുകളിലേക്ക് ഷീറ്റിട്ട ഒന്നാം നില റെഗുലറൈസ് ചെയ്യുന്നതിനും കടമുറികളുടെ വിസ്തീർണം സംബന്ധിച്ച പഴയ പഞ്ചായത്ത് അസ്സസ്സ്മെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ഒത്തുനോക്കുന്നതിനും സെക്രട്ടറിയോട് നിർദേശിച്ചു .ക്രമവത്കരണത്തിനാവശ്യമായ രേഖകൾ സമർപ്പിക്കുന്ന്നതിനു അപേക്ഷകന് അറിയിപ്പ് നല്കുന്നതിനും നിർദേശിച്ചു. മുൻകാലങ്ങളിൽ കടയുടെ കരമടച്ച രസീതുകൾ പഞ്ചായത്തിൽ ഹാജരാക്കുന്നതിനു അപേക്ഷകനോട് നിർദേശിച്ചു തീരുമാനിച്ചു.

4.കരൂർ പഞ്ചായത്തിലെ ആനി ജോമോന്റെ പരാതി അദാലത്തിൽ പരിഗണിച്ചു.ടി പരാതി ഉപജില്ലാ അദാലത്തിൽ തീർപ്പാക്കാൻ സാധിക്കാത്തതിനാൽ ജില്ലാ അദാലത്തിന്റെ പരിഗണനയ്ക്ക് വിട്ടു.

5.പാറത്തോട് ഗ്രാമ പഞ്ചായത്തിലെ രാജിമോൾ പി ആർ ന്റെ പരാതി അദാലത്തിൽ പരിഗണിച്ചു.വസ്തുവിന്റെ തരം തോട്ടമായതിനാൽ പഞ്ചായത്തിൽ നിന്ന് ലൈഫ് ഭവന പദ്ധതി പ്രകാരം നിർമാണത്തിന് noc ലഭിക്കുന്നില്ല എന്ന പരാതി ഭൂമിയുടെ തരം മാറ്റവുമായി ബന്ധപ്പെട്ടതായതിനാൽ revenue വകുപ്പിന് കൈമാറുന്നതിന് LSGD ജോയിന്റ് ഡയറക്ടർ ക്കു കൈമാറുന്നതിന് തീരുമാനിച്ചു.

6.മുണ്ടക്കയം പഞ്ചായത്തിലെ ശ്രീ. എം ഷാഹുൽ ഹമീദ് സമർപ്പിച്ച പരാതി അദാലത്തിൽ പരിഗണിച്ചു.പലചരക്ക് വ്യാപാരം നടത്തുന്നതിന് ലൈസൻസ് ലഭിക്കുന്നതിനാണ് പരാതി സമർപ്പിച്ചത്. എന്നാൽ ടി കെട്ടിടം KPBR 220 (b) ചട്ടം പാലിക്കാത്തതിനാൽ കെട്ടിടത്തിന് നമ്പർ നൽകുവാൻ സാധിക്കില്ല എന്ന് സെക്രട്ടറി അറിയിച്ചു.സർക്കാരിന്റെ പൊതു നിർദേശം ലഭിക്കുന്ന മുറക്ക് തുടർ നടപടി സെക്രട്ടറിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു.

7.മുണ്ടക്കയം പഞ്ചായത്തിലെ ശ്രീമതി.ഫാത്തിമ സമർപ്പിച്ച പരാതി അദാലത്തിൽ പരിഗണിച്ചു. വീട്ടുനമ്പർ ലഭിക്കുന്നതിനാണ് പരാതി സമർപ്പിച്ചിട്ടുള്ളത്. എന്നാൽ ടി കെട്ടിടം KPBR 220 b ചട്ടം പാലിക്കാത്തതിനാൽ നമ്പർ നൽകുവാൻ സാധിക്കില്ല എന്ന് സെക്രട്ടറി അറിയിച്ചു. സ്ഥലപരിശോധന നടത്തി ടി ന്യൂനതകൾ പരിഹരിക്കുന്നതിന് പരാതിക്കാരിയ്ക്ക് കത്ത് നൽകുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു.

8.മുണ്ടക്കയം വിലാസിനിയുടെ പരാതി പരിഗണിച്ചു പരാതിക്കാരി ഹാജരാകാത്തതിനാൽ അടുത്ത അദാലത്തിലേക്കു മാറ്റിവെച്ചു.

അദാലത്ത് കൃത്യം 1 മണിയ്ക്ക് അവസാനിച്ചു.